# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 6 Reg NO.TNBIL/2016/70171 ISSUE - 7

JULY - 2022 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333**



കർത്താവിൽ പ്രിയരെ,

നിങ്ങൾക്ക് എല്ലാപേർക്കും എന്റെ സ്നേഹവന്ദനം. ഈ പ്രാവശ്യവും നിങ്ങൾക്കു വേണ്ടി എഴുതുന്ന ഈ മാസികയിൽ ഉള്ള ലേഖനം വചന അടിസ്ഥാനത്തിൽ ക്രിസ്തീയ ജീവിതം നടത്താൻ ആഗ്രഹിക്കുന്ന വ്യക്തികൾക്കുവേണ്ടി സഭയ്ക്കുള്ള പ്രധാന ഉപദേശമായ (ആചാരമായ) തിരുവത്താഴത്തെ (കുർബ്ബാന) കുറിച്ചു വിവരിച്ചു ഞാൻ എഴുതിയിരിക്കുന്നു.

നിങ്ങൾ ഓരോത്തരും സ്വയം പരിശോധന ചെയ്തു തിരുവത്താഴത്തിൽ (കുർബ്ബാന) പങ്കുകൊള്ളണം. നിങ്ങളിൽ രക്ഷിക്കപ്പെട്ടവർ ധാരാളം പേർ ഉണ്ട് എന്ന് ഞാനറിയുന്നു. പക്ഷെ ഒരേ വീട്ടിൽ പാർക്കുന്ന നിങ്ങൾ ഓരോരുത്തരോടും പിണങ്ങി നിൽക്കുന്നു. ആരോടോ പല വർഷങ്ങളായി ബന്ധം വിട്ടുപോയി, പിണക്കത്തിലുള്ളവർ ഉണ്ട്. അവർ അടുത്തിരുന്നാൽ നേരിട്ടുചെന്ന് മാപ്പു ചോദിച്ചു നിരപ്പായി കൊള്ളണം. തെറ്റ്

ആരുടെ ഭാഗത്ത് ഉണ്ടായാലും ആർ ആദ്യം പോയി ക്ഷമ ചോദിച്ച് നിരപ്പാകുന്നോ അവർക്കാണ് കൂടുതൽ അനുഗ്രഹം. ഈ ആലോചന നിസ്സാര കാര്യമായി എടുക്കരുത്. ക്രിസ്തുവിന്റെ ചിന്തയും ഭാവവും നിങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കുന്നതിനുവേണ്ടി യേശു പിതാവോടു പറയുമ്പോൾ നാം മൂന്നു പേരും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കണം എന്നുപറയുന്നു. അഭിപ്രായ വ്യത്യാസങ്ങളെല്ലാം കളഞ്ഞു മരണത്തിനുമുമ്പു നിരപ്പാകുന്നതു നിങ്ങൾക്ക് നല്ലതാണ്. ചിലർ ദൂരത്തിൽ ഉണ്ടെങ്കിൽ കത്തുവഴിയോ ഫോൺ വഴിയോ സംസാരിച്ചു നിരപ്പാകുന്നത് നിങ്ങൾക്ക് നല്ലതാണ്. ദൈവം നമുക്ക് തന്നിട്ടുള്ള ഒരേ ജീവിതമാണ്. ദൈവത്തിന്റെ കൃപ നിങ്ങളോട് ഉണ്ടായിരിക്കട്ടെ.

–ഡോ. പുഷ്പരാജ

നിങ്ങൾ ഓൺലൈൻ (NEFT) മുഖേനയും മണിഓഡർ മുഖേനയും അയച്ചു തന്ന എല്ലാ സംഭാവനകളും എനിക്ക് കിട്ടി. പുതിയ വർഷ ആശംസകൾ അയച്ച എല്ലാവർക്കും എന്റെയും കുടുംബത്തിന്റെയും ആശംസകൾ അറിയിക്കുന്നു.

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# തിരുവത്താഴം – കുർബ്ബാന കർത്ത്യമേശ



മുകളിൽ വായിച്ച തലക്കെട്ടിൽ ഉള്ള പ്രധാന വിഷയത്തെയാണ് ഇപ്പോൾ ഞാൻ എഴുതാൻ പോകുന്നത്. ഈ വിഷയത്തെക്കുറിച്ച് ഇന്ത്യയിലും ലോകത്തിന്റെ പല ഭാഗങ്ങളിലും എന്റെ പ്രസംഗത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. മുകളിൽ കാണുന്ന തലക്കെട്ട് വിവിധ സഭകൾ ഉപയോഗിക്കുന്ന പേരുകളാണ്. ഇത് കർത്താവായ യേശുക്രിസ്തു ഒരു ക്കിയതും ശിഷ്യന്മാർക്ക് പറഞ്ഞു കൊടുത്തതുമായ ആചാരങ്ങളിൽ ഒന്നാകുന്നു.

ഇത് C.S.I. ലൂഥറൻ സഭകൾ തിരുവത്താഴം എന്നു പറയുന്നു. മാർത്തോമ സഭകൾ കുർബ്ബാന എന്നു പറയുന്നു. കുർബ്ബാൻ എന്ന സംസ്കൃത വാക്കിനു ബലി എന്നർത്ഥം. പെന്തിക്കോസ്തുകാരും ബ്രദറൺ പോലുള്ള മറ്റു സഭക്കാരും കർത്താവിന്റെ മേശ എന്നുപറയുന്നു. ലോകത്തിൽ ഇംഗ്ലീഷിൽ ഇതിന് കമ്മ്യൂണിയൻ (Communion) എന്നുപറയുന്നു.

പേരുകളിൽ വ്യത്യാസം ഇരുന്നാലും അതിന്റെ യഥാർത്ഥ അർത്ഥവും ആചാരവും ഒന്നുതന്നെ

ലോകത്തിൽ യഹോവാസാക്ഷികളും സാൽവേഷൻ ആർമി സഭയും മാത്രം ഈ തിരുവത്താഴ ആചാരത്തെ കൈക്കോള്ളുന്നില്ല. മറ്റെല്ലാ സഭകളിലും തിരുവത്താഴം കൈക്കൊള്ളുന്നു.

ബൈബിളിൽ പ്രധാന രണ്ട് ചടങ്ങുകൾ—ആചാരങ്ങൾ ഉണ്ട്. ഇതിന് നാം സക്രമെന്ത് എന്ന വാക്ക് ഉപയോഗിക്കുന്നു.

രണ്ട് ആചാരങ്ങൾ.

1. **ജ്ഞാനസ്നാനം (Baptism)**
2. **തിരുവത്താഴം (Communion)**

ഇത് ചടങ്ങായിട്ടും ആചാരമായിട്ടും കരുതിയാലും യഥാർത്ഥമായി പറയണമെങ്കിൽ ഇത് **കർത്താവിന്റെ കല്പനയാകുന്നു.** ആലോചനയെ അനുസരിക്കുന്നതും അനുസരിക്കാതിരിക്കുന്നതും അവരവരുടെ ആത്മിക തീരുമാനം ആകുന്നു. പക്ഷെ **കല്പനയെ** അനുസരിച്ചുതന്നെ തീരണം.

1. **ജ്ഞാനസ്നാനം**—നിങ്ങൾ പുറപ്പെട്ടുപോയി സകല ജാതികളെയും ശിഷ്യരാക്കി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം കൊടുപ്പിൻ. കൊടുപ്പിൻ എന്നു പറഞ്ഞാൽ അതു **കല്പന** ആകുന്നു. തീർച്ചയായും ഓരോ ക്രിസ്തീയ വിശ്വാസിയും സ്നാനപ്പെടേണ്ടതു ആവശ്യം. സ്വർഗ്ഗത്തിലെത്താൻ മാനാസ്സാന്തരം മതി. ഈ രണ്ടുപദേശങ്ങളും അറിയാത്തവരായിരുന്നാൽ മാനസാന്തരത്തിന്റെ അടിസ്ഥാനത്തിൽ സ്വർഗ്ഗത്തിലെത്താം. ക്രിസ്ത്യാനികൾക്ക് **മാനസാന്തര** ഉപദേശമാണ് പ്രധാന **കല്പന.** യോഹ: 3:3. ഒരുവൻ വീണ്ടും ജനിക്കാതെ പോയാൽ അവൻ സ്വർഗ്ഗം കാണുകയില്ല. അതിന്റെ അടിസ്ഥാനത്തിൽ സ്വർഗ്ഗത്തിലെത്തുവാൻ മാനസാന്തരം മതി. പക്ഷെ യഥാർത്ഥ മാനസാന്തരം ലഭിച്ചവർ ക്രിസ്തുവിന്റെ വചനത്തിനു അനുസരണം കാണിക്കുമല്ലോ? അങ്ങനെ അനുസരണം കാണിക്കുമെങ്കിൽ സ്നാനവും തിരുവത്താഴവും ഓരോ ക്രിസ്ത്യാനിയും കൈക്കൊളളണം.

**ജ്ഞാനസ്നാനം.**—ശിശുസ്നാനം വേദപുസ്തകത്തിൽ ഇല്ലാത്ത ഉപദേശമാണ്. ബൈബിളിൽ എവിടെയും ശിശുവിനെ സ്നാനം ചെയ്യുന്നതിനായി ഒറ്റവചനം പോലുമില്ല. ജ്ഞാനസ്നാനത്തിന് ബാപ്റ്റിസം എന്നു ഗ്രീക്കിലും എബ്രായ ഭാഷയിലും പേരുണ്ട്. ബാപ്തിസ്മ എന്നാൽ മുങ്ങുക, മുഴുകൽ എന്നാണർത്ഥം പഴയ നിയമ കാലത്തിൽ പലവിധമായ സ്നാനങ്ങൾ ഉണ്ടായിരുന്നു. പുതിയ നിയമസഭയിൽ ഒരേ ഒരു സ്നാനം മാത്രമാണ് കർത്താവ് പറഞ്ഞത്. രണ്ടാം പ്രാവശ്യം സ്നാനപ്പെടുന്നത് തെറ്റാണ്. കുഞ്ഞിലെ എടുത്തത് സ്നാനമാകു മെങ്കിൽ വെള്ളത്തിൽ മുങ്ങി സ്നാനപ്പെടുന്നത് രണ്ടാം സ്നാനമായി മാറും. അതുകൊണ്ട് മാനസാന്തരപ്പെട്ട് പാപത്തെ വായ്മുഖാന്തരം ഏറ്റുപറഞ്ഞ് യേശുവിൻ രക്തത്തിൽ കഴുകപ്പെട്ടവർ എടുക്കുന്നതാണ് യഥാർത്ഥ സ്നാനം.

വിഗ്രഹത്തെ ആരാധിക്കുന്ന വിവിധമായ യഹൂദന്മാരെ മാനസാന്തരപ്പെ

ടുത്തി ഇനി വിഗ്രഹത്തെ ആരാധിക്കുന്നില്ല. ഒരേ ദൈവത്തെ ഞാൻ വിശ്വസിക്കണം എന്നു ഏറ്റുപറഞ്ഞ് എടുത്ത ജ്ഞാനസ്നാനമാണ് യോഹന്നാൻ കൊടുത്ത സ്നാനം. ഇതിൽ പാപം കഴുകപ്പെടാൻ സാധിക്കയില്ല. യേശു ക്രൂശിൽ മരിച്ചശേഷം യേശുവിന്റെ രക്തം കൊണ്ടു കഴുകപ്പെട്ട് പാപമോചനം ലഭിച്ചു എടുക്കുന്ന ജ്ഞാനസ്നാനമാണ് **യഥാർത്ഥ** ജ്ഞാനസ്നാനം. യേശു ക്രിസ്തു മരിച്ചു ഉയർത്ത ശേഷം പുതിയ നിയമസഭ യോഹന്നാന്റെ സ്നാനത്തെ നീക്കികളഞ്ഞു. പാപത്തെക്കുറിച്ച് അനുതപിച്ചു. ഏറ്റുപറഞ്ഞു എടുക്കുന്ന ജ്ഞാനസ്നാനമാണ് യഥാർത്ഥ ജ്ഞാനസ്നാനം. ഇത് യേശു **കൽപ്പിച്ച ജ്ഞാന സ്നാനം.** യഥാർത്ഥ ക്രിസ്തീയ വിശ്വാസികൾ ഈ ജ്ഞാന സ്നാനം കൈക്കോള്ളണം.

ഈ യഥാർത്ഥ ജ്ഞാനസ്നാന ഉപദേശത്തെക്കുറിച്ച് മെയിൻ ലൈൻ സഭയിലുള്ള അച്ചന്മാർക്കും ഉപദേശിമാർക്കും ബിഷപ്പുമാർക്കും മോഡറേറ്റർമാർക്കും നന്നായി അറിയാം. ബൈബിൾ കോളേജിൽ പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും യഥാർത്ഥ ജ്ഞാനസ്നാനത്തെക്കുറിച്ച് നന്നായി അറിയാം. പക്ഷെ ഇവർ അംഗത്വം വഹിക്കുന്ന സഭകൾക്കു സ്നാനത്തെക്കുറിച്ചു പ്രത്യേക നിയമമുണ്ട്. ബൈബിളിൽ ഇല്ലാത്ത നിയമമാണ്.

പഴയ നിയമ കാലത്തും ഈ രണ്ടു വ്യത്യാസമായ നിയമമാണ് ഉണ്ടായിരുന്നത്.

1. കർത്താവിന്റെ ന്യായപ്രമാണം.
2. മനുഷ്യനാൽ സൗകര്യത്തിനുവേണ്ടി ഉണ്ടാക്കിയ പ്രമാണങ്ങൾ

മോശയുടെ കാലത്ത് കല്യാണം കഴിച്ച ഒരുവൻ ഭാര്യയെ ഉപേക്ഷിച്ചാൽ അതിന് ശിക്ഷ ഉണ്ട്. ന്യായപ്രാമാണം ഭാര്യയെ ഉപേക്ഷിക്കുന്നത് (വിവാഹമോചനം) സമ്മതിക്കുന്നില്ല. പക്ഷെ കർത്താവിന്റെ ദാസനായ മോശ ഈ ഉപദേശത്തെ തെറ്റ് എന്നു പറയാതെ വ്യഭിചാരത്തിൽ ഒരാളുടെ ഭാര്യ പിടിക്കപ്പെട്ടുവെങ്കിൽ അവളെ വിവാഹമോചനം ചെയ്യാം എന്നു അഡീഷണൽ കല്പനയെ ഉണ്ടാകുന്നതു നമുക്ക് കാണാം. ഇതേ മാതിരി ന്യായപ്രമാണത്തിൽ ഇല്ലാതെ അന്നത്തെ കാലത്തുള്ള പുരോഹിതന്മാരും ശാസ്ത്രീമാരും പുതിയ പുതിയ കല്പനകളെ ചേർത്തു. ന്യായപ്രമാണത്തിൽ വിശുദ്ധ ദിവസത്തെ വളരെ ഭക്തിയോടെ ആചരിക്കണം എന്ന് എഴുതിയിരിക്കുന്നു.

(Sabbath day) ശബ്ബത്ത് ദിവസം ഒരാൾ എത്രദൂരം യാത്രചെയ്യാം എന്നതിന് കണക്ക് ഉണ്ട്. ആ ദുരത്തെ നാലഞ്ചു പ്രാവശ്യം പരീശന്മാരും പുരോഹിതന്മാരും മാറ്റി. അതുകൊണ്ട് യേശു മനഃപൂർവ്വം പാരി ശന്മാരും ന്യായശാസ്ത്രിമാരും പുരോഹിതന്മാരും കാണുവാൻ തക്കവണ്ണം രോഗികളെ സൗഖ്യമാക്കി. അതു പരീശന്മാരെയും പുരോഹിതന്മാരെയും ദേഷ്യ പ്പെടുത്തി. തുടർന്ന് യേശു നല്ല ഉദാഹരണം പറഞ്ഞ് വ്യാഖ്യാനിച്ച് അവർക്ക് കാര്യം മനസ്സിലാക്കിക്കൊടുത്തു. രോഗ സൗഖ്യം ശബ്ബത്ത് ദിവസത്തിൽ പാടില്ല എന്ന് ദൈവം പറഞ്ഞിട്ടില്ല. മനുഷ്യരായ നിങ്ങൾ ഉണ്ടാക്കിയ ചട്ടമാണ് എന്ന് വ്യക്തമാക്കി.

അതുപോലെ സ്നാന ഉപദേശങ്ങളും, മെയിൻ ലെയിൻ സഭ കളിൽ വേദ പുസ്തകത്തിൽ ഇല്ലാത്ത വിധത്തിൽ തങ്ങൾക്ക് ഇഷ്ടമായ വിധത്തിൽ സ്നാന ഉപദേശത്തെ മാറ്റി. കോൺസ്റ്റന്റൈൻ രാജാവിന്റെ കാല ത്തിനുശേഷം സഭയിൽ പല ഉപദേശ മാറ്റങ്ങൾ സംഭവിച്ചു. മാതൃസഭയായ റോമൻ കത്തോലിക സഭയിൽ നിന്നു ലൂഥറിന്റെ കാലത്ത് **നവീകരണം** ഉണ്ടാ യശേഷം പ്രൊട്ടസ്റ്റന്റ് സഭ ശിശുസ്നാനം മാത്രം മാറ്റിയില്ല. ചരിത്രം എന്തു പറഞ്ഞാലും യഥാർത്ഥ ക്രിസ്ത്യാനി വചനത്തിന്റെ അടിസ്ഥാനത്തിൽ ജീവി ക്കാൻ ആഗ്രഹിച്ചാൽ വേദപുസ്തകം എന്തു പറയുന്നോ അതുതന്നെ അവൻ ചെയ്യണം. ന്യായവിധിയുടെ സമയം C.S.I. ലൂദറൻ മാർത്തോമ ഭരണഘ ടനയുടെ (Consititution) അടിസ്ഥാനത്തിൽ ന്യായം വിധിക്കുന്നില്ല.വേദപുസ്തക അടിസ്ഥാനത്തിൽ ന്യായവിധി സംഭവിക്കും. നീ എതു സഭക്കാരനായാലും വചനപ്രകാരം ജീവിച്ചോ എന്നു ദൈവം ചോദിക്കും. ഇതു വായിക്കുന്ന വിശ്വ സികൾ ഇതു നല്ലവണ്ണം മനസിലാക്കണം. C.S.I. ലൂദറൻ മാർത്തോമാ സഭകൾ, വ്യഭിചാരം ചെയ്താലും രണ്ടു ഭാര്യമാരെ ബൈബിളിനു വിരോധമായി വിവാഹം ചെയ്താലും ജനങ്ങൾ ദൈവത്തിനു കൊടുക്കുന്ന കാണിക്കയിൽ വെട്ടിപ്പുനടത്തിയാലും സമ്മതിക്കും. അങ്ങനെ ഉള്ളവർ വലിയ പണക്കാരന്മാർ ആയിരുന്നാൽ സഭയിലും ഡയോസിസിലും വലിയ പദവികളെ കൊടുത്തു ബഹു മാനിക്കു. പക്ഷെ നിങ്ങൾ വേദവചന അടിസ്ഥാനത്തിൽ സ്നാന പ്പെട്ടാൽ സഭയിൽ നിന്നു പുറത്താക്കും. (Ex-communicate). ഇപ്പോഴുള്ള മെയിൻലൈൻ സഭകളിൽ ഇങ്ങനെ ധാരാളം **തെററുകൾ** സംഭവിച്ചുകൊണ്ടി

രിക്കുന്നു. സൂക്ഷിക്കണേ ഇവരെല്ലാം ന്യായവിധിയിൽ അകപ്പെടും.

ഞാൻപറഞ്ഞുവരുന്നതെന്തെന്നാൽ തിരുവത്താഴത്തിൽ പങ്കുകൊള്ളുന്നവർ സ്നാനപ്പെട്ടിരിക്കണം. സ്നാപ്പെട്ടവർ മാനസാന്തരപ്പെട്ടിരിക്കും. മാനസാന്തരപ്പെട്ടവർ സഭയിൽ അംഗമാകും. സഭയിൽ അംഗമാകുന്നവർ തന്നെ അച്ചനായും ബിഷപ്പായും മോഡറേറ്ററായും മാറും. അങ്ങനെ സഭാജനങ്ങൾ രക്ഷിക്കപ്പെട്ടിരുന്നാൽ ആ സഭയുടെ കമ്മിറ്റി അംഗങ്ങളും രക്ഷിക്കപ്പെട്ടിരിക്കും. അങ്ങനെ നമ്മുടെ സഭകൾ ആത്മീക സഭകളായിമാറും. ആ കാലം എപ്പോൾ വരും എന്നു എനിക്കറിഞ്ഞുകൂടാ. അങ്ങനെ ഒരു ഉണർവ്വു നമ്മുടെ സഭകളിൽ ഉണ്ടാകണം എന്നു ഞാൻ ആകാംഷയോടെ കാത്തിരിക്കുന്നു.

2. **തിരുവത്താഴം**—ഭൂരിപക്ഷം ക്രിസ്ത്യാനികൾ തിരുവത്താഴം കൈക്കൊണ്ടൽ പാപം കഴുകപ്പെടുമെന്നു തെറ്റിധരിക്കുന്നു. പക്ഷെ വേദപുസ്തകം പാപം കഴുകപ്പെട്ട വിശ്വാസികൾ കൂടി ആചരിക്കുന്നതാണ് തിരുവത്താഴം എന്നു പഠിപ്പിക്കുന്നു. സഭ എന്നു പറയുന്നത് രക്ഷിക്കപ്പെട്ടവരുടെ കൂട്ടം ആകുന്നു. ലോകത്തിൽ ആദ്യത്തെ പുതിയ നിയമസഭയെ കർത്താവുതന്നെ ആരംഭിച്ചു അഷോ. പ്രവൃ: 2: 47–ാം വാക്യത്തിൽ **രക്ഷിക്കപ്പെടുന്നവരെ കർത്താവു ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു** എന്നു എഴുതിയിരിക്കുന്നു. ഇതിൽ ശ്രദ്ധിക്കേണ്ട വിഷയം രക്ഷിക്കപ്പെട്ടവരെയാണ് കർത്താവു സഭയിൽ അംഗമാക്കിയത്. പക്ഷെ ഇപ്പോൾ മെയിൻലൈൻ സഭകളിലും (C.S.I മാർത്തോമാ ലൂഥറൻ) പല പെന്തെക്കോസ്ത് സഭകളിലും കല്യാണത്തിനുവേണ്ടിയും വേറെ പല ആനുകൂല്യങ്ങൾക്കുവേണ്ടിയും സഭയിൽ അംഗത്വം നേടിയവർ ധാരാളം. ഇങ്ങനെയാണ് കുടിയന്മാരും രക്ഷിക്കപ്പെടാത്തവരും രണ്ടു ഭാര്യ ഉള്ളവരും സഭയിൽ അംഗമായത്. സൗത്ത് കേരളാ ഡയോസിൽ മൂന്നു ഭാര്യമാരും നാലു ഭാര്യമാരും ഉള്ളവർ പല പദവികളും വഹിക്കുന്നതായി ഞാൻ കേട്ടിരിക്കുന്നു. ഇങ്ങനെ പോയാൽ സഭയിൽ നിന്നു വിശുദ്ധി മുഴുവനുമായി നീങ്ങിപ്പോകും ആത്മീകം മുഴുവനും നഷ്ടപ്പെടും.

തിരുവത്താഴം കൈക്കൊള്ളുവാൻ ചില പ്രധാന യോഗ്യതകൾ ഉണ്ട്. യേശുക്രിസ്തു ക്രൂശിൽ പാടുകൾ അനുഭവിക്കുന്നതിനു മുമ്പ് ശിഷ്യന്മാരെ കൂട്ടി വരുത്തി തിരുവത്താഴം എടുക്കണം എന്നുള്ളതു നടത്തിക്കാണിച്ചു.

പക്ഷെ തിരുവത്താഴം എടുക്കുവാനുള്ള **യോഗ്യതയും നിബന്ധനയും** യേശു പറഞ്ഞുകൊടുത്തിട്ടില്ല. ആ യോഗ്യതാ നിബന്ധനകളെ യേശു മരിച്ച ശേഷം പൌലൂസ് അപ്പോസ്തലൻ മൂലമായി പറഞ്ഞേൽപ്പിച്ചു. പൗലൂസിന്റെ നേരത്തെയുള്ള പേരു ശൗൽ എന്നു ആയിരുന്നു. അപ്പോസ്തൻ എന്നു പറയപ്പെടുന്നവൻ യേശു ക്രിസ്തുവിനെ നേരിട്ടു കണ്ടവനായിരിക്കണം. യേശു ചെയ്ത അത്ഭുതങ്ങളെ നേരിട്ടു കണ്ടവനായിരിക്കണം. പൗലൂസ് യേശുവിനെ നേരിട്ടു കണ്ടിട്ടുമില്ല, പരിചയപ്പെട്ടിട്ടുമില്ല. അങ്ങനെ ഉള്ളവൻ അപ്പോസ്തലൻ എന്ന പേരിന് യോഗ്യതയുള്ളവനല്ല.. യേശുക്രിസ്തു തിരഞ്ഞെടുത്ത 12 പേരിൽ ഒരാൾ ഇസ്കരിയ്യോത്ത് യൂദ തൂങ്ങിമരിച്ചു. ഇസ്കരിയ്യോത്ത് യൂദയുടെ സ്ഥാനത്ത് ശിഷ്യന്മാർ മത്ഥ്യാസ് എന്നയാളെ തിരഞ്ഞെടുത്തു. ദൈവം അതു ഇഷ്ടപ്പെട്ടില്ല. അതിനു പകരം ക്രിസ്ത്യാനികളെ തേടിപ്പിടിച്ചു കൊല്ലുന്ന ശൗൽ എന്നു പേരുള്ള ഒരാളെ തിരഞ്ഞെടുത്തു. അവന്റെ കണ്ണുകളെ കുരുടാക്കി. അവനെ മാനസാന്തരപ്പെടുത്തി. അവനോടു സംസാരിച്ചു അവനെ തന്റെ ശിഷ്യനായും അപ്പോസ്തലനായും യേശു തന്നെ തിരഞ്ഞെടുത്തു. ഇപ്പോൾ ശൗൽ പൌലൂസായി വിളിക്കപ്പെട്ടു. പൗലൂസായി മാറി സ്നാനപ്പെട്ട ഉടനെ സുവിശേഷം അറിയിക്കുവാൻ താമസമില്ലാതെ പുറപ്പെട്ടതായി ബൈബിൾ പറയുന്നു. എന്നാലും അവന് അപ്പോസ്തലനാകാനുള്ള യോഗ്യത ഉണ്ടാകണം അതുകൊണ്ട് കർത്താവു അവനെ അറേബ്യദേശത്തിൽ കൊണ്ടുപോയി. മരുഭൂമിയിൽ മൂന്നുവർഷം ഇരുത്തി തന്നെയും തന്റെ പ്രവർത്തികളെയും അവനു രഹസ്യമായി വെളിപ്പെടുത്തി. ഗാല 1:16–18 വരെ വായിക്കുമ്പോൾ ഇതു മനസ്സിലാക്കാം. അവനെ ആത്മാവിൽ നിറച്ചു യേശു താൻ ജനിച്ച സ്ഥലങ്ങൾ അവനെ കൊണ്ടുപോയി കാണിച്ചു. വളർന്ന സ്ഥലം, പ്രസംഗിച്ച സ്ഥലം അത്ഭുതങ്ങൾ നടത്തിയ സ്ഥലങ്ങൾ, താൻ പാടുപെട്ടതും ക്രൂശിക്കപ്പെട്ടതും മരിച്ചതും, മൂന്നാമത്തെ ദിവസം ഉയിർത്തെഴുന്നേറ്റതും യേശു കാണിച്ചു. അങ്ങനെ കാണിച്ചതിൽ ഒന്നു യേശുക്രിസ്തു ശിഷ്യന്മാരോടു കൂടെ തിരുവത്താഴം കൈക്കൊണ്ട സംഭവം. ആ സ്ഥലത്തിലേക്ക് നേരിട്ട് കൊണ്ടുപോയി യേശു കാണിച്ചു. അതുകൊണ്ടാണ് പൗലൂസ് തിരുവത്താഴത്തെക്കുറിച്ച് വിവരിച്ചു പറയുമ്പോൾ 1 കൊരി 11:27–ൽ കർത്താവ് എന്റെ കൈയ്യിൽ ഏല്പിച്ചതു ഞാൻ നിങ്ങൾക്ക് ഏല്പിക്കുന്നു. ഈ തിരുവത്താഴ സംഭവങ്ങൾ പത്രോസോ യോഹ

ന്നാനോ പൗലൂസിനോടു പറഞ്ഞിട്ടില്ല. യേശു നേരിട്ടു കാണിച്ചതുകൊണ്ട് യേശു ക്രിസ്തു അപ്പം എടുത്തു ഉയർത്തിപ്പിടിച്ച് സ്ത്രോത്രം പറഞ്ഞു അതു നുറുക്കി, വാങ്ങി ഭക്ഷിപ്പിൻ; വീഞ്ഞുപാത്രം ഉയർത്തിപ്പിടിച്ച് സ്ത്രോത്രം ചൊല്ലി വാങ്ങി പാനം ചെയ്യുവിൻ ഇതു നിങ്ങൾക്കുവേണ്ടി നുറുക്കപ്പെട്ട എന്റെ ശരീര രക്തങ്ങളാകുന്നു എന്നു സംഭവിച്ചതുപോലെ പൗലൂസ് വിവരിച്ചു പറയുന്നു. മറ്റുള്ളവരെപ്പോലെ യേശുവിനെ പൗലൂസ് നേരിട്ടുകണ്ടിട്ടില്ല. എന്നാലും യേശുവിനെ ഞാൻ ദർശനത്തിൽ കണ്ടുവെന്നും ജ്ഞാന ദൃഷ്ടിയിൽ കണ്ടു വെന്നും വിവരിച്ചുപറയുന്നു. അതിന്റെ ശേഷമാണ് അപ്പോസ്തലൻ എന്ന യോഗ്യത പൗലൂസിനു കിട്ടിയത്. അപ്പോഴാണ് കർത്താവു എന്നെ അപ്പോ
സ ത
ലനാക്കി. ശിഷ്യന്മാരും എന്നെ അപ്പോസ്തലന്മാരിൽ ഒരുവനാക്കി. ചേർത്ത് കൊണ്ടാതായി അറിയിക്കുന്നു. യേശു തിരഞ്ഞെടുത്ത ശിഷ്യന്മാർ എല്ലാവരും പഠിപ്പില്ലാത്തവരാണ്. എന്നാൽ ശൗൽ മാത്രം കൂടുതൽ പഠിച്ചവനാണ്. അതു കൊണ്ടാണ് തിരുവത്താഴത്തെക്കുറിച്ചു വളരെ വ്യക്തമായ വിവരങ്ങളെ കത്തു വഴിയായി എഴുതി അറിയിക്കുന്നത്.

## തിരുവത്താഴം (കുർബ്ബാന) കൈക്കൊള്ളാനുള്ള യോഗ്യത

ഭൂരിപക്ഷം ക്രിസ്ത്യാനികളും തിരുവത്താഴം പാപത്തെ കഴുകും എന്നു തെറ്റിധരിച്ചിരിക്കുന്നു. തിരുവത്താഴം പാപത്തെ കഴുകാൻ സാധിക്കുന്നില്ല. പാപം കഴുകപ്പെട്ടവർ ചേർന്നു ഐക്യപ്പെട്ടു കൈക്കൊള്ളുന്നതാണ് തിരുവത്താഴം.

ഇന്നത്തെ സഭയിൽ ധാരാളം പേർ മദ്യപിച്ചുകൊണ്ടും പാപം ചെയ്തു കൊണ്ടും വ്യഭിചാരത്തിനടിമയായിട്ടും രണ്ടു ഭാര്യമാർ ഉള്ളവരായും ധൈര്യത്തോടെ തിരുവത്താഴം കൈക്കൊള്ളുന്നു. മദ്യപാനത്തിനു അടിമയായവരും ധൈര്യത്തോടെ തിരുവത്താഴം കൈക്കൊള്ളുന്നു. 1 കൊരി 10:21–ാം വാക്യത്തിൽ **നിങ്ങൾ കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികളാകാൻ പാടില്ല. കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിക്കാനും പാടില്ല** എന്നു പറയുന്നു. ഇങ്ങനെയുള്ള ഉപദേശത്തെ കേട്ടിട്ടും വീണ്ടും വീണ്ടും തിരുവത്താഴത്തെ കൈക്കൊള്ളുമെങ്കിൽ രണ്ടു മുന്നറിയിപ്പ് ഒരു ശിക്ഷ.

**മുന്നറിയിപ്പ് 1. ബലഹീനത**

**മുന്നറിയിപ്പ് 2. രോഗം**

ഈ ബലഹീനതയ്ക്കും രോഗത്തിനും ഡോക്ടർമാർക്കുപോലും കാരണം കണ്ടുപിടിക്കാൻ കഴിയില്ല. പക്ഷെ യോഗ്യതയില്ലാതെ തിരുവത്താഴം കൈക്കൊള്ളുമ്പോൾ രോഗം ഉണ്ടാകും എന്നു വ്യക്തമാണ്. രോഗം വന്നിട്ടും ബലഹീനതയിൽ കിടന്നിട്ടും നിന്റെ പാപത്തെ ഉപേക്ഷിക്കാതെ, പാപബന്ധത്തെ നിർത്താതെ പോയാൽ മൂന്നാമത് ദൈവം കൊടുക്കുന്നത് മുന്നറിയിപ്പല്ല ശിക്ഷ–അതു മരണമാകുന്നു. വായിക്കുന്നവർ സൂക്ഷിക്കണം.. തിരുവത്താഴ വിഷയത്തിൽ കളിക്കരുത്. ഭയഭക്തിയോടെ അതു കൈക്കൊള്ളേണ്ടത് ആവശ്യമാണ്. കാരണം യേശു പറഞ്ഞു നിങ്ങൾ ചെയ്ത തെറ്റുകൾക്ക് പാപപരിഹാരമായി ഞാൻ അനുഭവിച്ച പാടുകളെയും മരണത്തെയും ഈ തിരുവത്താഴം വഴിയായി ഓർക്കാൻ വേണ്ടി ഇത് കല്പനയായി നിങ്ങൾക്ക് തരുന്നു. അങ്ങനെ നിങ്ങൾ എന്നെ ഓരോ പ്രാവശ്യം ഓർക്കുമ്പോൾ നിങ്ങളുടെ ഹൃദയം നന്ദിയുള്ള ഹൃദയമായി മാറും. യേശു നടത്തിയ ഈ തിരവത്താഴത്തിനുശേഷം അവർ എല്ലാപേരും സ്ത്രോത്രം പാടി എന്നു എഴുതിയിരുന്നു.

മറ്റൊരു പ്രധാന കാര്യത്തെ നിങ്ങൾ ശ്രദ്ധിക്കണം. വ്യഭിചാരവും വേശ്യാവൃത്തിയും മദ്യപിക്കുന്നതും മാത്രമല്ല പാപം. മറ്റുള്ളവരോടു പിണങ്ങിയിരുന്നാൽ നിരപ്പാകേണ്ടതു വളരെ ആവശ്യം. അവരുടെ തെറ്റുകളെ ക്ഷമിച്ചു അവരോടു നിരപ്പാകണം. കാരണം യേശു പറയുന്നു **ഞാൻ നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും മറ്റുള്ളവരോടു ക്ഷമിക്കണം.** എത്രയോ പ്രാവശ്യം യേശു ക്രിസ്തുവിനെ നാം ദുഃഖിപ്പിച്ചിട്ടുണ്ട്. ഓരോരോ പ്രാവശ്യവും അവൻ നമ്മോടു കാണിച്ച കാരുണ്യം മുഖാന്തരം തന്റെ സ്നേഹത്തെ കാണിച്ചു അതുപോലെ നാമും തമ്മിൽ തമ്മിൽ സ്നേഹം കാണിക്കണം. **നിബന്ധന ഇല്ലാതെ അനുഗ്രഹമില്ല** (Without condition there is no blessing) യേശു പറഞ്ഞ നിബന്ധന നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നു.

(1) ദൈവാലയത്തിൽ വഴിപാടുകൊണ്ടുവരുമ്പോൾ വഴിപാടു പെട്ടിയുടെ അടുത്തു നിന്നു നിന്റെ സഹോദരനോടു പിണക്കം ഉണ്ടെങ്കിൽ വഴിപാടു, പെട്ടിയുടെ അടുത്തു വെച്ചിട്ടു ആദ്യം ചെന്ന് ആ സഹോദരനോട് നിരപ്പാ

യശേഷം പിന്നെ ദൈവാലയത്തിൽ വന്ന് വഴിപാട് പെട്ടിക്കകത്തു ഇടണം. മത്തായി 5:23–24 അപ്പോൾ ക്രിസ്തുവിന്റെ നിബന്ധന മനസ്സിലാക്കിയോ? കാണിക്ക ദൈവത്തിനു കൊടുക്കുമ്പോഴും നിബന്ധന ശരിയാക്കാതെ ദൈവം ആ കാണിക്ക വാങ്ങുന്നില്ല.

(2) യേശു പറഞ്ഞു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ സഹോദരനോടു നിരപ്പായിരുന്നാൽ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം തരും. ഇതിന്റെ സാരാംശം നിരപ്പാകാത്തവരുടെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകുന്നില്ല.

(3) യാക്കോ 5:16 നിങ്ങളുടെ രോഗം സൗഖ്യമാകണമെങ്കിൽ തമ്മിൽ തമ്മിൽ പാപം ഏറ്റുപറഞ്ഞു നിരപ്പാകണം എഴുതിയിരിക്കുന്നു. ഇത് രക്ഷിക്കപ്പെട്ട വിശ്വാസികൾക്ക് എഴുതുന്ന ലേഖനമാണ്. നിരപ്പാകത്തവർക്ക് രോഗസൗഖ്യം ഉണ്ടാകുന്നില്ല. അതുകൊണ്ട് വ്യഭിചാരം വേശ്യാവൃത്തി നാം ചെയ്തിട്ടില്ല എന്നു പറഞ്ഞു നാം തൃപ്തരാകരുത്. നിരപ്പാകുന്നത് നിസ്സാരകാര്യമായി നാം കരുതരുത് യേശു ക്രൂശിൽ നിന്ന്, **ഇവർ അറിയാതെ ചെയ്തുപോയി** എന്നു മാപ്പു ചോദിച്ചു പ്രാർത്ഥിക്കുന്നു. ക്രിസ്തുവിന്റെ ചിന്ത നിങ്ങളിൽ ഉണ്ടായിരിക്കട്ടെ. ക്രിസ്തുവിന്റെ ഭാവം നിങ്ങളിൽ ഉണ്ടായിരിക്കട്ടെ എന്നു വേദപുസ്തകം പറയുന്നു അതുകൊണ്ട് തിരുവത്താഴ ആരാധനകൾക്ക് വരുന്നതിനു മുമ്പ് വീട്ടിൽ വച്ചു സ്വയപരിശോധന ചെയ്യണം. 1 കൊരി 11:28 അവനവൻ **തന്നത്താൻ ശോധന ചെയ്തിട്ടുവേണം** ഇതിൽ ഭാഗം എടുക്കുവാൻ. സഭയിൽ ഉള്ള മറ്റുള്ളവർ യോഗ്യരോ എന്നു നോക്കാൻ പാടില്ല. നിന്റെ ആത്മാവിനു നീ തന്നെ കണക്കുകൊടുക്കണം. യോഗ്യത ഇല്ലാതെ തിരുവത്താഴത്തിൽ ആരും കൈവയ്ക്കരുത്. തിരുവത്താഴം കൊടുക്കുന്ന പാസ്റ്റർമാർക്കും അച്ചൻമാർക്കും ബിഷപ്പുമാർക്കും മോഡറേറ്റർമാർക്കും ഇതേ യോഗ്യത വേണം. ഈ തിരുവത്താഴത്തിൽ നാം പങ്കുകൊള്ളുമ്പോൾ നമുക്ക് നിത്യജീവൻ ഉറപ്പാക്കുന്നു.

ഞാൻ പറയുന്ന തിരുവത്താഴത്തെ കുറിച്ചുള്ള ആലോചന എല്ലാ സഭാവിഭാഗങ്ങൾക്കും യോജിച്ചതാണ്. അതുകൊണ്ട് സകല ജാഗ്രതയോടും സൂക്ഷ്മതയോടും തിരുവത്താഴത്തിൽ പങ്കുകൊള്ളുന്നതു വളരെ ആവശ്യം. പ്രാർത്ഥനയോടു കൂടെ ഈ ലേഖനം ഞാൻ അവസാനിപ്പിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിച്ചു വഴിനടത്തു മാറകട്ടെ.

# ആട്ടിടയന്മാർ കാവൽ കാത്തിരുന്നപ്പോൾ

**ഡോ. ലില്ലിയൻ സ്റ്റാൻലി**



ക്രിസ്തുമസ് കാലത്തിന്റെ പ്രസരിപ്പ് ലോകമെമ്പാടും വ്യാപകമായിക്കൊണ്ടിരിക്കുന്നു. ലോകം മുഴുവനും ആഘോഷിക്കുന്ന ഏക ഉത്സവം ക്രിസ്തുമസ് ആയതുകൊണ്ട് നമുക്ക് സന്തോഷിക്കാം. ക്രിസ്തുമസ് സംഭവം നാം വായിക്കുമ്പോൾ, രാത്രിയിൽ കാവൽ കാത്തിരുന്ന ആട്ടിടയന്മാരെപ്പോലെ ഈ വർഷത്തെ ചിന്താവിഷയം നമ്മിൽ അലയടിക്കുന്നു (ലൂക്കൊ. 2:8). നമുക്ക് വർഷാവസാനം ആ ചിന്താവിഷയത്തിലൂടെ കണ്ണോടിച്ച് വർഷം മുഴുവനും നാം പഠിച്ച കാര്യങ്ങൾ പ്രത്യവലോകനം ചെയ്യാം.

നാം ഗൗരവമുള്ളവരായും സമചിത്തതയുള്ളവരായും ആയിരിപ്പാൻ വേദപുസ്തകം ആവർത്തിച്ചു മുന്നറിയിപ്പ് നൽകുന്നു. കാരണം നാം ആത്മാവിൽ തിടുക്കമുള്ളവർ ആയിരിക്കുകയും ശരീരത്തിൽ ക്ഷീണിതർ ആയിരിക്കുന്നതിനും സാധ്യതുണ്ട് എന്തുകൊണ്ട്? കാരണം ആത്മാവിനെപ്പോലെ ശക്തിയില്ലാത്തതു കൊണ്ട് ശരീരത്തിന് സഹകരിക്കുവാൻ കഴിയുകയില്ല. "....... **ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ; ആത്മാവു ഒരുക്കമുള്ളതു, ജഡമോ ബലഹീനമത്രേ**" (മത്താ. 26:41). അതുകൊണ്ട് ആരെ വിഴുങ്ങേണ്ടു എന്നു നോക്കി നടക്കുന്ന അലറുന്ന സിംഹംപോലെ പിശാചിന്റെ കൈകളിൽ ഇരകളായി വീഴാതിരിക്കാൻ നാം ജാഗ്രതയുള്ളവരായിരിക്കുന്നതിന് എല്ലാ രീതിയിലും ശ്രമിക്കേണ്ടതാണ്.

## 1. ദൈനംദിനജീവിതത്തിൽ ജാഗ്രതയോടിരിക്കുക

ദൈവം ദാവീദിന് വാഗ്ദത്തം നൽകിയത്, "**നിന്റെ മക്കൾ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ എന്റെ മുമ്പാകെ സത്യമായി നടന്നു തങ്ങളുടെ വഴി സൂക്ഷിച്ചാൽ യിസ്രായേലിന്റെ രാജാസനത്തിൽ ഇരിപ്പാൻ ഒരു പുരുഷൻ നിനക്കു ഇല്ലാതെ പോകയില്ല**" (1 രാജാ. 2:4). ദാവീദ് ഈ വിവരം ശലോമോന് നൽകി. എന്നിരുന്നാലും ശലോമോൻ വേണ്ട വിധത്തിൽ സൂക്ഷിച്ചില്ല. ഇത് നമുക്ക് എല്ലാവർക്കും സംഭവിക്കാം. "**ഹിസ്കീയാവ് തന്റെ പിതാവായ ദാവീദ് ചെയ്തതുപോലെ ഒക്കെയും യഹോവെക്ക് പ്രസാദമായുള്ളതു ചെയ്തു**" (2 രാജാ. 18:3). ദൈവം യെരുശലേമിനെ സെന്നചേരീബിൽ നിന്നും അത്ഭുതകരമായി വിടുവിച്ചു. എന്നാൽ അഹങ്കാരം അവന്റെ ഉള്ളിലേക്ക് പ്രവേശിച്ചു അവന്റെ രോഗം അതികഠിനമായി ബാധിക്കുകയും കുറ്റം ഏറ്റുപറയുകയും ചെയ്തു. "**ഞാൻ എന്റെ കാലമൊക്കെയും താഴ്മയോടെ നടക്കും**" (യെശ. 38:15). എന്നാൽ അവന്റെ അസുഖത്തെക്കുറിച്ച് അന്വേഷിക്കുവാൻ ബാബിലോണിൽ നിന്നും പ്രതിനിധികൾ എത്തിയപ്പോൾ അവൻ "**സകലതും**" കാണിച്ചു കൊടുത്തു. അവൻ കൂടുതൽ ഒന്നും ചിന്തിച്ചില്ല, എന്നാൽ ദൈവം അവന്റെ പ്രവൃത്തിയിൽ അപ്രിയനാകുകയും ശിക്ഷ പ്രഖ്യാപിക്കുകയും ചെയ്തു (39:1–8). "**ആ കാലത്തു ഹിസ്കീയാവിനു മരണകരമായ ദീനം പിടിച്ചു; അവൻ യഹോവയോടു പ്രാർത്ഥിച്ചു; അതിനു അവൻ ഉത്തരമരുളി ഒരു അടയാളവും കൊടുത്തു. എന്നാൽ ഹിസ്കീയവു തനിക്കു ലഭിച്ച ഉപകാരത്തിന് അടുത്തവണ്ണം നടക്കാതെ നിഗളിച്ചുപോയി; അതുകൊണ്ട് അവന്റെമേലും യെഹൂദയുടെയും യെരുശലേമിന്റേയും മേൽ കോപം ഉണ്ടായി. എങ്കിലും അവന്റെ ഗർവത്തെക്കുറിച്ച് ഉണർന്ന് ഹിസ്കീയാവും യെരുശലേം നിവാസികളും തങ്ങളെത്തന്നെ താഴ്ത്തി...**" (2 ദിന. 2:24–26). ഉയർന്ന ആത്മീയത എന്തുമാത്രം എളുപ്പത്തിൽ വഴുതിപ്പോയി എന്നു നോക്കൂ! അഹങ്കാരം സാർവ്വത്രികമായ ഒരു പാപമാണ്. നാം അറിയുന്നതിനുമുമ്പ് തന്നെ അത് നമ്മിൽ പ്രകടമാകും. ആരെങ്കിലും നമ്മെ പ്രശംസിക്കുമ്പോൾ നമ്മുടെ ചെവികൾ എപ്രകാരം ശ്രദ്ധയോടെ ശ്രദ്ധിക്കുന്നു! നമ്മുടെ നേട്ടങ്ങളെ

ആരെങ്കിലും പ്രശംസിച്ചാൽ ഹാമാനെപോലെ നാം എപ്രകാരം ആനന്ദം കണ്ടെത്തുന്നു! (എസ്ഥേർ 5:10–12). മറ്റുള്ളവരെക്കുറിച്ച് നല്ലത് സംസാരിക്കും. നമ്മെക്കുറിച്ച് സംസാരിക്കേണ്ട ആവശ്യമില്ല എന്നു നമുക്ക് ഇന്ന് തീരുമാനിക്കാം. നിഗളത്തെ അകറ്റി നിർത്താം.

അഹങ്കാരം മാത്രമല്ല, ഓരോ പാപത്തെയും നാം വളരെ സൂക്ഷിക്കണം ദാവീദ് പറഞ്ഞു, "**നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കും**" (സങ്കീ. 39:1). നാം ഇടയ്ക്കിടയ്ക്ക് പരാജയപ്പെടുന്ന സ്ഥാനമായ നമ്മുടെ വായെ മൂടിക്കെട്ടുക. സെഖര്യാവ് ഗബ്രിയേലിനെ സംശയിക്കാതിരുന്നെങ്കിൽ, അവന്റെ ശബ്ദം നഷ്ടപ്പെടാതിരിക്കുമായിരുന്നു (ലൂക്കൊ. 1:18).

യേശുക്രിസ്തു നമുക്ക് മുന്നറിയിപ്പ് നൽകിയത്, "**സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞു കൊൾവിൻ; ഒരുത്തന് സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവനു ആധാരമായിരിക്കുന്നത്**" (ലൂക്കൊ. 12:15). നിങ്ങൾക്ക് ഉള്ളതിനോടൊപ്പം അത്യാഗ്രഹം നിങ്ങളെ അസന്തുഷ്ടരാക്കുന്നു. ആദിമസഭാവിശ്വാസികളും ഇന്നത്തെ വിശ്വാസികളും തമ്മിൽ ധാരാളം വ്യത്യാസങ്ങളുണ്ട്. മിക്ക വിശ്വാസികളും അവർക്ക് എന്തുമാത്രം കൂടുതൽ ഉണ്ടോ അത്രമാത്രം ദൈവം അവരെ അനുഗ്രഹിച്ചു എന്നു വിശ്വസിക്കുവാൻ പ്രേരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സ്വത്ത് ശേഖരിക്കുവാൻ അവർ പ്രയത്നിക്കുന്നു. പണത്തിനോടുള്ള അവരുടെ സ്നേഹം മറ്റെല്ലാറ്റിനേയും കടത്തിവെട്ടുന്നു. ആഗൂരിന്റെ പ്രാർത്ഥന ദിനംതോറും പ്രാർത്ഥിച്ചുകൊണ്ട് നമുക്കെല്ലാവർക്കും ആർഭാടം ഒഴിവാക്കാം (സദൃ. 30:8,9). 'തൃപ്തി വരുത്തുന്ന' ആത്മാവിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം (1 തിമൊ. 6:6). അധികാരത്തിന്റെ യുഗത്തിൽ സ്വയം നിയന്ത്രണം പഠിക്കുക. വിനയത്തിന്റെ സ്വഭാവങ്ങൾ അവലംബിക്കുക. മദർതെരേസ ഏറ്റവും ലളിതമായ ഒരു വ്യക്തിയായിരുന്നു. യോഹന്നാൻ സ്നാപകൻ പ്രവാചനായിരുന്നെങ്കിലും വളരെ ലളിതമായിരുന്നു. യേശു അവനെ മഹാൻ എന്നു വിളിച്ചു. സിൻക്ലെയർ ഫെർഗുസൻ ഇപ്രകാരം പറഞ്ഞു, "അയഞ്ഞ പിടികൊണ്ട് ലോകത്തെ പിടിക്കുവാൻ നാം പഠിക്കുമ്പോൾ,

ഉറച്ച പിടിയുമായി വന്ന് ലോകം വിധേയപ്പെടുത്തുന്നതിന് നാം പഠിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ താക്കോൽ കൂട്ടം കൂടുതൽ കൂടുതൽ വലുതാക്കരുത്.

"**അതുകൊണ്ട് സൂക്ഷിച്ചുകൊൾവിൻ; സഹോദരൻ പിഴച്ചാൽ അവനെ ശാസിക്ക; അവൻ മാനസാന്തരപ്പെട്ടാൽ അവനോടു ക്ഷമിക്ക**" (ലൂക്കൊ. 17:3). ഒരുദിവസം ഏഴുപ്രാവശ്യമെങ്കിലും ക്ഷമിക്കുക. നമ്മുടെ മക്കൾ, ജീവിതപങ്കാളി, മാതാപിതാക്കൾ, സുഹൃത്തുക്കൾ എന്നിവർ നമുക്കെതിരെ പാപം ചെയ്താൽ അവരെ ശാസിക്കുവാൻ നമ്മിൽ എത്രപേർ ധൈര്യം കാണിക്കാറുണ്ട്? ധൈര്യപ്പെടുക, നമ്മുടെ പ്രിയപ്പെട്ടവരുടെ വിധിയിൽ നാം കൈകഴുകി കളയുന്ന ഒരു മേഖല ഇതാണ്. അവർ തെറ്റായിപ്പോയി എന്നു ബോദ്ധ്യപ്പെടുത്തുന്നുണ്ടെങ്കിൽ അവരെ കൈക്കൊള്ളുക. ശാസിക്കുന്നതിന് നാം എല്ലാവരും ധൈര്യമുള്ളവരായിരിക്കുക. അതാണ് വിശുദ്ധിയുടെ ഉയർന്ന പാതയിലൂടെ നടക്കുന്നതിനുള്ള വഴി.

"**നിങ്ങൾ അന്യോന്യം കടിക്കയും വിഴുങ്ങിക്കളയും ചെയ്താലോ ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ**" (ഗലാ. 5:15). ഈ പാപം അന്വേഷിച്ച് നിങ്ങൾ നടക്കേണ്ട ആവശ്യം ഇല്ല. ഒരുപക്ഷേ, നിങ്ങളുടെ കുടുംബത്തിനുള്ളിലും, അയൽവാസിയുടെയും സഭയുടെയും ഉള്ളിലും ഓഫീസിന്റെ അകത്തുമായിരിക്കാം. കോടതി മുറി സംഘർഷങ്ങൾ ഒഴിവാക്കി എന്തുകൊണ്ട് കർത്താവിനെ ആശ്രയിച്ചുകൂടാ? ഈ സാഹചര്യത്തിലാണ് യേശുക്രിസ്തു പറഞ്ഞത്, "**ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുതു; നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്ക് നൽകുവാൻ പ്രസാദിച്ചിരിക്കുന്നു**" (ലൂക്കൊ. 12:32). നാം സ്വർഗ്ഗത്തിൽ പോകുമ്പോൾ ലജ്ജിച്ചുപോകും. അതുകൊണ്ട് ഏതുവിധേനയും സമാധാനം കാത്തുസൂക്ഷിക്കുക. ജോർജ്ജ് ബർണാർഡ് ഷാ ഇപ്രകാരം പറഞ്ഞു, "നാം ആകാശത്തിലെ പക്ഷികളെപ്പോലെ പറക്കുവാനും കടലിലെ മത്സ്യങ്ങളെപ്പോലെ നീന്തിത്തുടിക്കുവാനും പഠിച്ചു; ഭൂമിയിൽ മനുഷ്യരെപ്പോലെ ജീവിക്കാൻ മാത്രം പഠിച്ചില്ല" എന്ത് സത്യമാണിത്!

"**സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു**

**പോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക**" (ഗലാ. 6:1). ഒഴുക്കിൽ അകപ്പെട്ടു പോകുന്നവരുടെ വാർത്ത നാം വായിക്കാറുണ്ട്. പിശാച് ചതിയനാണ്. പ്രവൃത്തി ചെയ്യുന്ന മോചകരെ പ്രലോഭിപ്പിക്കുന്നു. മറ്റുള്ളവരെ മോചിപ്പിക്കുന്ന നിരവധി ഉപദേശകർ സ്വയം സൂക്ഷിക്കാത്തതു കാരണം പാപത്തിൽ വീണു പോയിട്ടുണ്ട്. പ്രലോഭനങ്ങളുടെ ഒഴുക്കിനെതിരെയാണ് നാം നീന്തുന്നത്. ആത്മാവ് മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കും. ആ മുന്നറിയിപ്പുകളെ ശ്രദ്ധിച്ച് നിങ്ങളെത്തന്നെ രക്ഷിക്കുക.

"**നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറച്ചു നിൽക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും**" (1 തിമൊ. 4:16). ജീവിതവും ഉപദേശവും ഒരുമിച്ചു പോകണം. ഇതൊരു ചെറിയ കാര്യമാണ് എന്ന് ധരിച്ച് നിസ്സാരവൽക്കരിക്കരുത്. വഴിയിലെ ചെറിയ കുഴികൾ പോലും നിങ്ങളെ നിലംപതിപ്പിക്കും. ഏതു അപകടസംഗതികളും മുളയിൽ തന്നെ നുള്ളിക്കളയുക. ദൈവവചനത്താൽ നിങ്ങളെത്തന്നെ ഉറപ്പിക്കുക. നാമധേയ ഉപദേശങ്ങൾ എല്ലാം കൃത്രിമവും ദൈവത്തിന് പരിഹാസ്യവുമാണ്. കുതിച്ചു ചാടുന്നതിനുമുമ്പ് നോക്കുക. ഈ നാളുകളിൽ ഉയർന്നുവരുന്ന ആവേശഭരിതമായ ഉപദേശങ്ങളിൽ വീഴരുത്. ശരിയായ തത്വങ്ങളിലും ഉപദേശങ്ങളിലും അരക്കിട്ടു ഉറപ്പിക്കാത്തവർ ഈ നവീനതയിൽ വഴുതിപ്പോകും. പലരും എന്താണെന്ന് കാണുവേണ്ടി എടുത്തുചാടും, പക്ഷേ ഒഴുകിപ്പോകും. ഒരു ആഫ്രിക്കൻ പഴഞ്ചൊല്ല് ഇപ്രകാരം പറയുന്നു, "ഇരുകാലുകളും ഉപയോഗിച്ച് ഒരുമിച്ച് വെള്ളത്തിന്റെ ആഴം അളക്കുന്നവൻ വിഡ്ഢിയാണ്". അവയിൽ നിന്ന് ദൂരെ മാറി നിൽക്കുക. നിയന്ത്രണങ്ങളും, പരിശോധനകളും, ഉത്തരവാദിത്തങ്ങളും ഇല്ലാത്ത സ്ഥിതി അപകടകരമാണ്.

"**സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക**" (സദൃ. 4:23). ഒരു വ്യക്തി മറ്റൊരു സഹോദരനോടു ഉണ്ടായിരുന്ന

തെറ്റിദ്ധാരണയെക്കുറിച്ച് സംസാരിച്ചപ്പോൾ, അദ്ദേഹം ആദ്യം പറഞ്ഞത്, "ഓ, ഞങ്ങൾക്ക് തമ്മിൽ തെറ്റായിട്ട് ഒന്നും ഇല്ല''. എന്നാൽ അദ്ദേഹം വിഷമസ്ഥിതിയിലായപ്പോൾ സത്യം തുറന്നു പറഞ്ഞു. ഇതു എന്താണ് കാണിക്കുന്നത്? യാതൊരു കുറ്റബോധവുമില്ലാതെ കള്ളം പറഞ്ഞ് നമ്മെ വഞ്ചിക്കുകയാണ്. യോഹന്നാൻ ഇപ്രകാരം എഴുതി, "**നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി**" (1 യോഹ. 1:7). നമുക്ക് നമ്മോടു തന്നെ ഭോഷ്ക്ക് പറയുവാനും യുക്തി പ്രയോഗിക്കുവാനും, തിരസ്ക്കരിക്കുവാനും, ഒഴികഴിവുകൾ പറയുവാനും കഴിയും. അപ്പോൾ നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്. നിങ്ങളുടെ ഹൃദയത്തെ സൂക്ഷിക്കുവാനുള്ള ഏകവഴി നിങ്ങളോടു തന്നെ സത്യം സംസാരിക്കുവാൻ പഠിക്കുക എന്നതാണ്. സത്യസന്ധത എന്നാൽ മറ്റുള്ളവരോടു സത്യം പറയുകയാണ്; വിശ്വസ്തത എന്നാൽ നിങ്ങളോടു തന്നെ സത്യം സംസാരിക്കുകയാണ്. എന്തെങ്കിലും തെറ്റായിപ്പോയാൽ നിങ്ങൾക്ക് ഒരു പ്രശ്നം ഉണ്ടാകും. നിങ്ങൾ അതുകൂട്ടി വയ്ക്കുവാൻ ശ്രമിക്കുമ്പോൾ രണ്ടു പ്രശ്നങ്ങൾ ഉണ്ടാകും. സത്യം പുറത്തുവരുമ്പോൾ നിങ്ങൾ കലങ്ങിപ്പോകും. തെറ്റുകൾ തുറന്ന് സമ്മതിക്കുകയും മറ്റുള്ളവരെ അപ്രകാരം ചെയ്യുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

"ആ ഒരുത്തൻ എന്തു ചെയ്തു? ദൈവം വാഗ്ദാനം ചെയ്ത സന്തതിയെ അവൻ അന്വേഷിച്ചു. നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ; തന്റെ യൗവനത്തിലെ ഭാര്യയോടു ആരും അവിശ്വസ്തത കാണിക്കരുത്" (മലാ. 2:15). നമ്മുടെ സംസ്കാരം കുടുംബത്തിൽ ശത്രുത്വം ഉണ്ടാക്കുന്ന തരത്തിൽ മാറിക്കൊണ്ടിരിക്കുന്നു. നാം വളരെ ശ്രദ്ധയോടെ സൂക്ഷിച്ചില്ലെങ്കിൽ ഈ മേളയിൽ നാം തകർന്നുപോകും. ദൈവം വാഗ്ദത്ത സന്തതിയെ അന്വേഷിക്കുന്നു. ''അതുകൊണ്ട്.....'' അവിശ്വസ്തത നിങ്ങളുടെ ജീവിതത്തെയും മക്കളെയും നശിപ്പിക്കുന്നു. ഭാര്യയും ഭർത്താവും അന്യോന്യം വിശ്വസ്തരായിരിക്കുവാൻ ശ്രദ്ധിക്കണം. നിങ്ങൾ പരസ്പരം വിശ്വസ്തരായിരുന്നില്ലെങ്കിൽ നിങ്ങളുടെ മക്കളെ എപ്രകാരം ദൈവീകമായി വളർത്തുവാൻ കഴിയും? കുടുംബത്തെ പരമപവിത്രമായി കാണേണ്ടതാണ്.

വേദപുസ്തക പണ്ഡിതനായ മാത്യു ഹെൻട്രി ഇപ്രകാരം പറഞ്ഞു, "നാം ചിന്തിക്കുവാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ നമ്മെത്തന്നെ ത്യജിക്കുവാനും ജഡീകമോഹങ്ങളെ ക്രൂശിക്കുവാനും പ്രയാസമാണ്, തീയും ഗന്ധകവും കത്തുന്ന പൊയ്കയിൽ നിത്യം കള്ളം പറയുന്നതിന് ആയിരിക്കുക എന്നത് എന്തു പ്രയാസമുള്ള കാര്യമാണ് എന്ന് ചിന്തിക്കേണ്ടതാണ്". ഈ പ്രലോഭനം മറികടക്കുവാൻ കഴിയില്ല എന്നു ചിന്തിക്കുകയാണെങ്കിൽ ദൈവത്തിന്റെ മുമ്പിൽ സാഷ്ടാംഗം വീണ് കരയുക. വിടുതൽ ഉറപ്പാണ്.

"**പരീശന്മാരുടെ പുളിച്ചമാവായ കപടഭക്തി സൂക്ഷിച്ചു കൊൾവിൻ**" (ലൂക്കൊ. 12:1). നാം ആരുമല്ലാതിരിക്കയും എന്നാൽ ആരോ ആണെന്ന തരത്തിലുള്ള പ്രവൃത്തിയോ ചിന്തയോ ആണ് കപടഭക്തി. നമ്മുടെ ബാഹ്യ ആഡംബരത്താൽ അകമേയുള്ള ധാർമ്മിക ശോഷണത്തെ മൂടിവയ്ക്കുവാൻ നാം ശ്രമിക്കുകയാണ്. അടിസ്ഥാപരമായ സത്യസന്ധതയുടെ അഭാവം ഇവിടെ ഉണ്ടാകുന്നു. നാം ജനങ്ങളിൽ നിന്ന് യഥാർത്ഥ സത്യം മറച്ചുവയ്ക്കാൻ ശ്രമിക്കുന്ന കപടഭക്തിക്കാരാകരുത്. നമുക്ക് സത്യസന്ധരായിരിക്കാം. നമുക്ക് പരാജയങ്ങൾ ഉണ്ടാകാം. അതിനെന്ത്? മറ്റുള്ളവർ നമ്മുടെ വിശ്വാസത്തെ പരിഹസിക്കുമെന്ന് ഭയപ്പെട്ടുകൊണ്ട് നമ്മുടെ അസുഖം ഒളിച്ചുവയ്ക്കുന്നതെന്തിന്? അത് സത്യസന്ധതയില്ലായ്മയാണ്. നാം എല്ലാവരും തെറ്റുപറ്റാവുന്ന മനുഷ്യരാണ് എന്നത് പരസ്യമായ രഹസ്യമാണ്.

വിശ്വാസം മുറിപ്പെടത്തക്കതും തകർക്കപ്പെടാൻ സാധ്യതയുള്ളതുമാണ്. അതുകൊണ്ടാണ് പത്രോസിന്റെ വിശ്വാസത്തിനായി യേശു പ്രാർത്ഥിച്ചത്. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് സൂക്ഷ്മതയോടെ ഉറച്ചു നിൽക്കണം. ധൈര്യശാലിയായ പത്രോസിനെപ്പോലും പിശാച് ഗോതമ്പു മണിപോലെ പാറ്റിയെങ്കിൽ, അവന്റെ വിശ്വാസം പരാജയത്തിന്റെ അപകടത്തിലായെങ്കിൽ, അവന്റെ വിശ്വാസം നിലനിർത്തുന്നതിന് യേശുവിന്റെ പ്രാർത്ഥന ആവശ്യമായിരുന്നെങ്കിൽ നമ്മുടെ വിശ്വാസം നേരുടന്ന അപകടങ്ങളെക്കുറിച്ച് ചിന്തിക്കുക! അതുകൊണ്ടാണ് പൗലൊസ് മുന്നറിയിപ്പു നൽകിയത്,

"**ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനിൽപ്പിൻ; ശക്തിപ്പെടുവിൻ**" (1 കൊരി. 16:13). ജീവിതം ആദ്യം മുതൽ അവസാനം വരെ വിശ്വാസ യുദ്ധമാണ്. **വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക** (1 കൊരി. 6:12).

നിങ്ങളുടെ കുടുംബത്തെയും സൂക്ഷിക്കുക. നിങ്ങളുടെ കുടുംബം നിങ്ങളുടെ നിധിയാണ്. പല കള്ളന്മാർ നിങ്ങളുടെ മക്കളെയും സമാധാനത്തെയും, സാക്ഷ്യത്തെയും നിങ്ങൾക്ക് പ്രിയപ്പെട്ട അമൂല്യ വസ്തുക്കളെയും തകർത്തു മോഷ്ടിക്കുവാൻ ശ്രമിക്കും. "വീട്ടുകാരുടെ പെരുമാറ്റം അവൾ സൂക്ഷിച്ചു നോക്കുന്നു" (സദൃ. 31:27). അതേ, അവൾ വളരെ തിരക്കുള്ളവളാണെങ്കിലും അവളുടെ മക്കൾ ട്യൂഷന് പോകുമ്പോഴും, വീട്ടിൽ അതിഥികൾ വരുമ്പോൾ, ബന്ധുക്കൾ ഭവനത്തിൽ വന്ന് താമസിക്കുമ്പോഴും, ധാരാളം ഗാർഹിക കാര്യങ്ങളിൽ മുഴുകിയിരിക്കുമ്പോഴും അവൾ വളരെ ശ്രദ്ധയുള്ളവളാണ്. സകല കാര്യങ്ങളിലും അവളുടെ ഒരു കണ്ണ് ഉണ്ടായിരിക്കും.

## 2. ദൈവശബ്ദം കേൾക്കുന്നതിന് ശ്രദ്ധിക്കുക

ദൈവശബ്ദം നമ്മുടെ കാതുകളിൽ മുഴങ്ങുന്ന ധാരാളം സന്ദർഭങ്ങൾ ഉണ്ട്. ഒന്ന് നമ്മുടെ മാതാപിതാക്കളുടെ ആജ്ഞകളാലും മറ്റൊന്ന് നിയമങ്ങളാലും. "**നീ നടക്കുമ്പോൾ അത് നിനക്ക് വഴി കാണിക്കും. നീ ഉറങ്ങുമ്പോൾ അതു നിന്നെ കാക്കും; നീ ഉണരുമ്പോൾ അതു നിന്നോടു സംസാരിക്കും**" (സദൃ. 6:20–22). ദൈവം നിങ്ങളോടു സംസാരിക്കുന്നത് കേൾക്കുന്നതിന് നാം ഉണർന്നും ജാഗ്രതയോടും ആയിരിക്കുക. യേശുക്രിസ്തു ചില പ്രധാന സത്യങ്ങൾ നമ്മോടു പറയുന്നതിനുമമ്പ്, "**സത്യമായി**", ''**കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ**'', ''**സൂക്ഷിക്കുക**'' എന്നിങ്ങനെയുള്ള വാക്കുകൾ ഉപയോഗിച്ച് നിരവധി തവണ ഉച്ചത്തിൽ വിളിച്ചു. നാം ഏതു തരത്തിലുള്ള ജോലിയിൽ ദിനംപ്രതി മുഴുകിയിരുന്നാലും ഏതു നിമിഷവും ദൈവശബ്ദം കേൾക്കുവാൻ ശ്രദ്ധിച്ചിരിക്കേണ്ടതാണ്. യോസേഫ് ഉറങ്ങിയെങ്കിലും അവന്റെ ഹൃദയം ദൈവസന്ദേശം കേൾക്കുവാൻ ഉണർന്നിരുന്നു (മത്താ. 1:20). വിദ്വാന്മാർ "**അവന്റെ നക്ഷത്രം**" കണ്ട് ശ്രദ്ധയോടെ ഉണർന്ന് യേശുവിനെ ആരാധിക്കുവാൻ പോയി.

"**കണ്ണാലെ കണ്ടിട്ടുള്ള കാര്യങ്ങൾ നീ മറക്കാതെയും നിന്റെ ആയുഷ്ക്കാലത്തൊരിക്കലും അവ നിന്റെ മനസ്സിൽ നിന്ന് വിട്ടു പോകാതെയും ഇരിപ്പാൻ മാത്രം സൂക്ഷിച്ചു നിന്നെത്തന്നെ ജാഗ്രതയോടെ കാത്തുകൊൾക**" (ആവ. 4:9). മോശെയും യിസ്രായേല്യരും അതു കാണുകയായിരുന്നു, എന്നാൽ നാം അത് വായിക്കുകയാണ്. വേദപുസ്തകത്തിൽ എഴുതിയിട്ടുള്ള സകലതും നമ്മുടെ ഹൃദയങ്ങളിൽ സ്പർശിച്ചുകൊണ്ടിരിക്കും. "**നിങ്ങൾ നന്നായി സൂക്ഷിച്ചു കൊൾവിൻ**" (വാ.15). **അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്** (1 ശമു. 15:22).

"**ദിവസം പ്രതി എന്റെ പടിവാതിൽക്കൽ ജാഗരിച്ചും എന്റെ വാതിൽക്കട്ടളെക്കൽ കാത്തും കൊണ്ടും എന്റെ വാക്കു കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ**" (സദൃ. 8:34). നിങ്ങൾ വേദപുസ്തകം തുറക്കുമ്പോൾ ദൈവത്തിന്റെ വാതിലിൽ മുട്ടുകയാണ്. മുട്ടുക, ശ്രദ്ധിക്കുക, കാത്തിരിക്കുക. വാതിൽ തുറന്ന് അവന്റെ കാൽക്കൽ ഇരുന്ന് പഠിക്കുന്നതിന് നിങ്ങളെ ക്ഷണിക്കും. പഠിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നവരെ അവൻ പഠിപ്പിക്കുന്നു. "**ഞാൻ കൊത്തളത്തിൽ നിന്നു കാവൽ കാത്തുകൊണ്ട് അവൻ എന്നോടു എന്തരുളിച്ചെയ്യും എന്നു കാണേണ്ടതിന് ദൃഷ്ടിവെക്കും**" (ഹബ. 2:1). അതേ, ദൈവശബ്ദത്തെ ശ്രദ്ധിച്ചില്ലെങ്കിൽ, ലോകശബ്ദത്തിലേക്ക് വലിക്കപ്പെടും. നമ്മുടെ ശ്രദ്ധയ്ക്കുവേണ്ടി നിരവധി ശബ്ദങ്ങൾ മത്സരിക്കുന്നു. എന്നാൽ സൂക്ഷ്മബോധമുള്ള ചെവികൾ കോലാഹലങ്ങൾക്കിടയിലുള്ള ശബ്ദം കേൾക്കും. "**പ്രബോധനം മുറുകെ പിടിക്ക; വിട്ടു കളയരുതു; അതിനെ കാത്തുകൊൾക; അതു നിന്റെ ജീവനല്ലോ**" (സദൃ. 4:13).

"**എന്റെ കൽപ്പനകളെയും ഉപദേശത്തെയും നിന്റെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുകൊൾക. നിന്റെ വിരലിന്മേൽ അവയെ കെട്ടുക; ഹൃദയത്തിന്റെ പലകയിൽ എഴുതുക**" (സദൃ. 7:2,3). നമ്മുടെ കണ്ണിലെ കൃഷ്ണമണിയെ കൺപീലികൾ സൂക്ഷിക്കും. അല്ലെങ്കിൽ അവയ്ക്ക് ക്ഷതം

ഏൽക്കും. അതുകൊണ്ട് വചനം സംരക്ഷിക്കപ്പെടണം. അവ നമ്മെ ചുറ്റിപ്പറ്റി നിൽക്കണം, അല്ലെങ്കിൽ അവ നമ്മെ വിട്ട് അകന്നുപോകും. അവ നമ്മുടെ ഹൃദയങ്ങളിൽ കൊത്തി വയ്ക്കണം. വളരെ കുറച്ചുപേർ മാത്രമേ അവരുടെ ധ്യാനം എഴുതിവയ്ക്കുന്നുള്ളൂ. പറവകൾ വന്നു അതു തിന്നുകളയുന്നതിൽ അതിശയോക്തിയില്ല (മത്താ. 13:4). മിക്ക ക്രിസ്ത്യാനികളും ഒരു ഭാഗം വായിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നു. ക്രിസ്തീയ യാത്രയിൽ അത് മാത്രം മതിയായതല്ല.

നിങ്ങൾ അൽപ്പം ക്ലേശം അനുഭവിക്കുകയും സമയം ചെലവഴിക്കുകയും, ധ്യാനിക്കുകയും, ചില കുറിപ്പുകൾ എഴുതുകയും സത്യം ഉൾക്കൊള്ളുകയും ചെയ്താൽ അവയെ പ്രായോഗികമാക്കുവാൻ കഴിയും. "**തിരുവചനം പ്രമാണിക്കുന്നവൻ നന്മ കണ്ടെത്തും**" (സദൃ. 16:20).

ആത്മാവിന്റെ ശബ്ദം കേൾക്കുവാൻ താൽപ്പര്യമുണ്ടെങ്കിൽ വേദപുസ്തകം കേവലം വായിക്കുന്നതു നിർത്തി അത് പഠിക്കുന്നതിൽ പൂർണ്ണമായി മുഴുകിയിരിക്കുക. ഡോ. ഡേവിഡ് ജെരമ്യാ ഇപ്രകാരം പറഞ്ഞു, "പരിശുദ്ധാത്മാവിന് നിങ്ങളുടെ ജീവിതത്തിലെ ഒരു താമസക്കാരൻ ആകേണ്ട ആവശ്യമില്ല; മറിച്ച് നിങ്ങളുടെ ജീവിതത്തിലെ അദ്ധ്യക്ഷൻ ആകേണ്ട ആവശ്യമുണ്ട്". ശിമ്യോൻ "**ആത്മനിയോഗത്താൽ ദൈവാലയത്തിൽ ചെന്നു**" (ലൂക്കൊ. 2:26).

### 3. ദൈവാലയത്തിൽ ശ്രദ്ധിക്കണം

യാക്കോബിന്റെ ഇടയ പരിപാലത്തെക്കുറിച്ച് പറയുന്നതു ശ്രദ്ധിക്കുക: **"ഈ ഇരുപതു സംവത്സരം ഞാൻ നിന്റെ അടുക്കൽ പാർത്തു; നിന്റെ ചെമ്മരിയാടുകൾക്കും കോലാടുകൾക്കും ചനനാശം വന്നിട്ടില്ല. നിന്റെ കൂട്ടത്തിലെ ആട്ടുകൊറ്റന്മാരെ ഞാൻ തിന്നു കളഞ്ഞിട്ടുമില്ല. ദുഷ്ടമൃഗം കടിച്ചുകീറിയതിനെ നിന്റെ അടുക്കൽ കൊണ്ടു വരാതെ ഞാൻ അതിനു ഉത്തരവാദിയായിരുന്നു. പകൽ കളവു പോയതിനെതിയും രാത്രി കളവു പോയതിനെയും നീ എന്നോടു ചോദിച്ചു. ഇങ്ങനെയായിരുന്നു എന്റെ വസ്തുത; പകൽ വെയിൽ കൊണ്ടും രാത്രി ശീതം കൊണ്ടും ഞാൻ**

**ക്ഷയിച്ചു. എന്റെ കണ്ണിന് ഉറക്കമില്ലാതെയായി"** (ഉൽ. 31:38–40). ഇതാണ് ജാഗ്രത. അവൻ തന്റെ സ്വന്തം പോക്കറ്റിൽ നിന്ന് ചെലവഴിക്കുകയും രാത്രിയും പകലും ഉണർന്നിരിക്കുകയും ചെയ്തു. ഇപ്രകാരം ദൈവം നമ്മെ ശ്രദ്ധിക്കുന്നതുകൊണ്ടാണ് അവനെ ഇടയൻ എന്നു വിളിക്കുന്നത് (യിരെ. 31:10).

**"അന്നു ആ പ്രദേശത്തു ഇടയന്മാർ രാത്രിയിൽ ആട്ടിൻകൂട്ടത്തെ കാവൽ കാത്തു വെളിയിൽ പാർത്തിരുന്നു"** (ലൂക്കൊ. 2:8). അവർ "വെളിയിൽ പാർത്തിരുന്നു'' എന്നതു ശ്രദ്ധിക്കുക. അവർ ''കാവൽ കാത്തു'' പാർക്കുകയായിരുന്നു. ഇതു അവരുടെ ത്യാഗത്തെയും ഉണർവ്വിനെയും സൂചിപ്പിക്കുന്നു. ചെറിയ അത്ഭുതമായി ദൈവം ദൂതന്മാരെ അവരുടെ അടുക്കൽ അയച്ചു. ദാവീദ് സ്വന്തം ജീവനെ മുൾമുനയിൽ നിർത്തി സിംഹത്തെയും കരടിയെയും കൊന്നു. തന്റെ ആടിനെ രക്ഷിച്ചതെങ്ങനെയെന്ന് ഓർമ്മിക്കുക? ശുശ്രൂഷ എന്നാൽ ത്യാഗവും ഉണർവ്വുമാണ്. ഓരോ ആത്മാവും നമുക്ക് വളരെ വിലയുള്ളതും സംരക്ഷിക്കപ്പെടേണ്ടതുമാണ്.

ദൈവവേലയുമായുള്ള ബന്ധത്തിൽ പൗലൊസ് രണ്ടു കാര്യങ്ങളിൽ ജാഗ്രതയുള്ളവരായിരിക്കാൻ പറയുന്നു. ഒന്ന്, നമ്മത്തന്നെയും രണ്ട്, നമ്മുടെ ആടുകളും. **"ദൈവത്തിന്റെ സഭയെ മേയ്പ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അധ്യക്ഷരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും. അതുകൊണ്ട് ഉണർന്നിരിപ്പിൻ; ഞാൻ മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തും കൊണ്ട് ഓരോരുത്തനു ബുദ്ധി പറഞ്ഞു തന്നതു ഓർത്തുകൊൾവിൻ"** (അപ്പൊ. പ്ര. 20:28–31).

ഇടയന്മാരെയും ശത്രു ആക്രമിക്കുവാൻ സാധ്യതയുണ്ട്. **"തങ്ങളെത്തന്നെ മേയിക്കുന്ന ഇടയന്മാർക്ക് അയ്യോ കഷ്ടം! ആടുകളെ അല്ലയോ, ഇടയന്മാർ മേയിക്കേണ്ടതു?..... നിങ്ങൾ ബലഹീനമായതിനെ**

**ശക്തീകരിക്കുകയോ ദീനം പിടിച്ചതിനെ ചികിത്സിക്കയോ ഒടിഞ്ഞതിനെ മുറിവു കെട്ടുകയോ ചിതറിപ്പോയതിനെ തിരിച്ചു വരുത്തുകയോ കാണാതെ പോയതിനെ അന്വേഷിക്കയോ ചെയ്യാതെ കഠിനതയോടും ക്രൂരതയോടും കൂടെ അവയെ ഭരിച്ചിരിക്കുന്നു**" (യെഹ. 34:1–4). ഈ അദ്ധ്യായം മുഴുവൻ നിങ്ങൾ വായിക്കുകയാണെങ്കിൽ നിങ്ങളെയും ആട്ടിൻകൂട്ടത്തെയും എപ്രകാരം കരുതണം എന്നു മനസ്സിലാക്കുവാൻ കഴിയും. സത്യസന്ധതയില്ലാത്ത നേട്ടത്തിനു വേണ്ടിയുള്ള പ്രലോഭനങ്ങൾ, അവർക്കുമേൽ കർതൃത്വം സ്ഥാപിക്കുക, ആടുകളോട് മോശമായ മാതൃക പുലർത്തുക എന്നിവ യാഥാർത്ഥ്യമാണ്. ആരുടേയും വെള്ളിയോ പൊന്നൊ വസ്ത്രമോ മോഹിച്ചിട്ടില്ല എന്നു പറഞ്ഞ പൗലൊസിനെപ്പോലെ ജാഗ്രതയോടെ ഇരുന്ന് മറ്റുള്ളവർക്ക് അവൻ എപ്രകാരം മാതൃകയായിരുന്നു എന്നു നോക്കുക (അപ്പൊ. പ്ര. 20:33–35). ധാരാളം ചിന്തകൾ എന്റെ തലയിൽ വന്ന് പതിക്കുന്നെങ്കിലും അവയെല്ലാം എഴുതുവാൻ സ്ഥലം അനുവദിക്കുന്നില്ല. വലിയ ചോദ്യങ്ങൾക്ക് ചുരുങ്ങിയ ഉത്തരമില്ല. "**നിങ്ങൾ കണക്ക് ബോധിപ്പിക്കേണ്ടവരാകയാൽ നിങ്ങളുടെ ആട്ടിൻകൂട്ടത്തിന്മേൽ ജാഗ്രതയോടെ ഇരിക്കുക**" (എബ്രാ. 13:17). "**ഞങ്ങളുടെ പ്രയത്നഫലം കളയാതെ പൂർണ്ണപ്രതിഫലം പ്രാപിക്കേണ്ടതിന് സൂക്ഷിച്ചു കൊൾവിൻ**" (2 യോഹ. 8).

**4. പിശാചിനെ സൂക്ഷിപ്പിൻ**

"**നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റി നടക്കുന്നു..... ആ വക കഷ്ടപ്പാടുകൾ**" (1 പത്രൊ. 5:8,9) കഷ്ടപ്പെടുന്നവരിൽ താൽപ്പര്യം ജനിപ്പിക്കാനുള്ള ചില തന്ത്രങ്ങൾ പിശാചിന്റെ കൈയ്യിലുണ്ട്. അതുകൊണ്ട്, ''**ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നു എന്നറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്തു നിൽപ്പിൻ**". കഷ്ടപ്പാടുകൾ മുറിപ്പെടുത്തുന്നു. അതു നമ്മുടെ വിശ്വാസത്തെ ആശയക്കുഴപ്പത്തിലാക്കുകയും നമ്മുടെ ഹൃദയങ്ങളെ

സംശയങ്ങളാൽ നിറയ്ക്കുകയും ചെയ്യുന്നു. വേദന യാഥാർത്ഥ്യമാണ്. എന്നാൽ നിങ്ങളുടെ ബലഹീനതയിൽ പിശാചിനാൽ നിങ്ങൾ കബളിപ്പിക്കപ്പെടരുത്. നാം ഇയ്യോബിനെ പോലെ ദുഃഖിക്കുമെങ്കിലും അവനെപ്പോലെ വിശ്വാസത്തിൽ മുറുകെപ്പിടിക്കുവാൻ കഴിയണം. ദുർഘടമായ സമയങ്ങൾ നമ്മുടെ നട്ടെല്ലിനെ ശക്തിപ്പെടുത്തും. ചിലപ്പോൾ കഷ്ടപ്പാടുകളിൽ നിന്ന് ലോകത്തിലെ വൻകാര്യങ്ങളും, പോരാട്ടങ്ങളിൽ നിന്ന് മനോഹരമായ കാര്യങ്ങളും ഉണ്ടാകും.

യേശുക്രിസ്തുവിന്റെ ധൈര്യത്തോടും നേരോടും ഉള്ള ഉപദേശങ്ങൾ അനേകം മുൻവിധികളെ മാറ്റി മറിച്ചു. "**ശാസ്ത്രിമാരും പരീശന്മാരും അവനെ കുറ്റം ചുമത്തുവാൻ സംഗതി കിട്ടേണ്ടതിന് അവൻ ശബ്ബത്തിൽ സൗഖ്യമാക്കുമോ എന്നു നോക്കിക്കൊണ്ടിരുന്നു**" (ലൂക്കൊ. 6:7; 14:1; 20:20). നാം എന്തുമാത്രം ജാഗ്രതയോടെ ഇരിക്കുന്നുവോ നമ്മുടെ ശത്രുവും അത്രമാത്രം ജാഗ്രതയോടിരിക്കും. അതുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത് "**മനുഷ്യരെ സൂക്ഷിച്ചു കൊൾവിൻ**" (മത്താ. 10:17). പൗലൊസും നമുക്ക് മുന്നറിയിപ്പ് തരുന്നു "**ചെമ്പു പണിക്കാരൻ അലെക്സാന്തർ എനിക്ക് വളരെ ദോഷം ചെയ്തു; അവന്റെ പ്രവൃത്തികൾക്ക് തക്കവണ്ണം കർത്താവു അവനു പകരം ചെയ്യും. അവൻ നമ്മുടെ പ്രസംഗത്തോടു അത്യന്തം എതിർത്തു നിന്നതുകൊണ്ട് നീയും അവനെ സൂക്ഷിച്ചു കൊൾക**" (2 തിമൊ. 4:14,15).

ക്രൂശിന്റെ സന്ദേശത്തിനെതിരെ ധാരാളം എതിരാളികൾ വർദ്ധിച്ചു വരുന്നു. അപ്പോൾ നാം വായടച്ച് കൈമടക്കി മിണ്ടാതിരിക്കണമോ? ഒരിക്കലുമല്ല! നമ്മുടെ സന്ദേശവുമായി മുന്നോട്ടു പോകുക, പക്ഷേ ജാഗ്രത വേണം. യുഗത്തിന്റെ അന്ത്യം വരെയും നമ്മോടുകൂടെ നിൽക്കും എന്ന് യേശു നമുക്ക് വാഗ്ദത്തം ചെയ്തിട്ടുണ്ട്.

### 5. രണ്ടാമത്തെ വരവിനുവേണ്ടി ജാഗ്രതയോടിരിപ്പിൻ

"**ആ കാലം എപ്പോൾ എന്നു നിങ്ങൾ അറിയായ്ക കൊണ്ട് സൂക്ഷിച്ചുകൊൾവിൻ; ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ**" (മർക്കൊ. 13:33). കൊള്ളക്കാർ നമ്മുടെ പട്ടണത്തിന് ചുറ്റുമുണ്ട് എന്ന് ടെലിവിഷനിലൂടെ ഒരു അറിയിപ്പ് വന്നാൽ നാം എന്തുമാത്രം ജാഗ്രതയുള്ളവരായിരിക്കും! യേശു

ഒരു കള്ളനെപ്പോലെ വരുമെന്ന് പറഞ്ഞാൽ നാം അതിനെക്കാൾ ഉപരി ജാഗ്രതയോടിരിക്കേണ്ടതല്ലേ? “**യജമാനൻ സന്ധ്യക്കോ അർദ്ധരാത്രിക്കോ കോഴി കൂകുന്ന നേരത്തോ രാവിലെയോ എപ്പോൾ വരും എന്നു അറിയായ്കകൊണ്ട് അവൻ പെട്ടെന്നു വന്നു നിങ്ങളെ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിന് ഉണർപ്പിരിപ്പിൻ. ഞാൻ നിങ്ങളോടു പറയുന്നതോ എല്ലാവരോടും പറയുന്നു: ഉണർന്നിരിപ്പിൻ**” (വാ. 35–37).

കർത്താവിന്റെ രണ്ടാംവരവിനെക്കുറിച്ച് യേശു ഇപ്രകാരം പറഞ്ഞു, “**ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും**” (മത്താ. 24:4). ഈ ദിവസങ്ങളോടു നാം അടുത്തു വരികയാണ്. അത് നോഹയുടെ കാലത്തെ പ്രളയം പോലെയോ സോദോം ഗോമോറയിലെ അഗ്നിമഴ പോലെയോ കടന്നുവരും. തയ്യാറെടുക്കുവാൻ അല്പം പോലും സമയം കിട്ടുകയില്ല. വെള്ളപ്പൊക്കം വന്നതിനുശേഷമാണ് അവർ അറിഞ്ഞത്, പക്ഷേ അപ്പോഴേക്കും സമയം അതിക്രമിച്ചിരുന്നു. നാം ലോത്തിന്റെ മരുമക്കളെ പോലെ എല്ലാം തമാശ എന്നു ചിന്തിച്ചുകൊണ്ട് കാര്യങ്ങൾ വളരെ നിസ്സാരമായി എടുക്കരുത്. സമയം പറക്കുന്നു; അത് മോശമായ വാർത്ത. എന്നാൽ നിങ്ങൾ പൈലറ്റ് ആണ് എന്നത് നല്ല വാർത്തയുമാണ്.

“**കള്ളൻ വരുന്ന യാമം വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവർ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും.... അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ**” (വാ. 42–44). ഇനി കൂടുതൽ മുന്നറിയിപ്പ് ആവശ്യമുണ്ടോ? “**എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്ക് തസമയത്തു ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെ മേൽ ആക്കിവെച്ച വിശ്വസ്തനും ബുദ്ധിമാനും ആയ ദാസൻ ആർ?**” (വാ. 4546). നമ്മുടെ രാജാവു വരുന്നതുവരെ അന്ത്യം വരെയും നമ്മുടെ വേല വിശ്വസ്തതയോടെ പൂർത്തീകരിക്കാം. “**നിങ്ങളോ സൂക്ഷിച്ചു കൊൾവിൻ; ഞാൻ എല്ലാം നിങ്ങളോടു മുൻകൂട്ടി പറഞ്ഞുവല്ലോ**” (മർ. 13:23). അവർ വിസിൽ ഊതി. നാം തയ്യാറല്ലെങ്കിൽ നമുക്ക് എന്തെങ്കിലും ഒഴികഴിവുകൾ പറയാനുണ്ടോ?

**"ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായുമിരിക്ക**" (1 തെസ്സ. 5:6). ശരിയായ സമയത്ത് ഉണരുകയും എന്നാൽ കൃത്യസമയത്ത് തയ്യാറാകാത്ത ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലെ നാം ആകരുത്. വെളിപ്പാട് പുസ്തകത്തിൽ യേശുക്രിസ്തു അവസാനത്തെ മുന്നറിയിപ്പ് നൽകുന്നു. **"ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ**" (വെളി. 16:15).

**6. കള്ളപ്രവാചകന്മാരെ സൂക്ഷിപ്പിൻ**

**"കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവൻ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം**" (മത്താ. 7:15).

ദൈവത്തിന്റെ ശുശ്രൂഷകർ വേഷപ്രച്ഛന്നരായി വരുമ്പോൾ അവർ ആടിനെപ്പോലെ ലോലവും സൗമ്യവും ആയിരിക്കും. അവരുടെ പടച്ചട്ടയിലെ വിടവുകൾ കാണാത്തതുകൊണ്ട് നാം വശീകരിക്കപ്പെട്ടിരിക്കുന്നു. അവർ ആടുകളാണോ ചെന്നായ്ക്കളാണോ എന്ന് എങ്ങനെ കണ്ടുപിടിക്കും? അവരുടെ ഫലങ്ങൾ അതുപോലെ കാണാത്തതുകൊണ്ട് വേഗത്തിൽ അവരെ ന്യായം വിധിക്കുവാൻ കഴിയുകയില്ല. നിങ്ങളുടെ ഹൃദയത്തിൽ ഒരു ചോദ്യചിഹ്നം വച്ചു കൊണ്ട് അവരോടു നല്ലവരായിരിക്കുക. അദ്ദേഹത്തിന്റെ ജീവിതം, ഉപദേശം എന്നിങ്ങനെ അദ്ദേഹവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിരീക്ഷിക്കുക. അതുവരെയും ഒരു പ്രതിബദ്ധതയില്ലാതെ കാത്തിരിക്കുക. ശരിയായി പരിശോധിക്കാതെ അവരെ ആശ്രയിക്കുന്നത് ഗുരുതരമായ പ്രത്യാഘാതത്തിലേക്ക് നയിക്കും.

1. മതഭക്തി കാണിക്കുന്നതിന് വസ്ത്രം ധരിക്കുന്നവരെ "സൂക്ഷിച്ചുകൊൾവിൻ" (മത്താ. 12:38).
2. മറ്റുള്ളവരുടെ കണ്ണുകളിൽ പ്രശംസ പിടിച്ചുപറ്റുന്ന തരത്തിൽ ആളുകളിൽ നിന്ന് ബഹുമാനം ഉറ്റുനോക്കുന്നവരെ "സൂക്ഷിച്ചു കൊൾവിൻ" (മത്താ.12:38).

3. അംഗീകരിക്കപ്പെടാതെ, പൂമാലയിടാതെ, സ്റ്റേജിൽ ഇരുത്താതെയും വി.ഐ.പി. സീറ്റു നൽകാതെയും ഇരുന്നാൽ ഇളകി മറിയുന്നവരെ “സൂക്ഷിച്ചുകൊൾവിൻ” (മത്താ. 12:38).
4. ബലഹീനരെയും നിരാലംബരെയും ചൂഷണം ചെയ്യുന്നവരെ “സൂക്ഷിച്ചു കൊൾവിൻ”. അവരുടെ മാധുര്യമേറിയ സംസാരത്താൽ നിരപരാധികളെ വഞ്ചിക്കാനിടയുണ്ട് (റോമ. 16:17).
5. നിങ്ങൾ പഠിച്ചതിനു വിരുദ്ധമായി പഠിപ്പിച്ച് ഭിന്നത സൃഷ്ടിക്കുന്നവരെ “സൂക്ഷിച്ചു കൊൾവിൻ”. അവരുടെ മാധുര്യമേറിയ സംസാരത്താൽ നിരപരാധികളെ വഞ്ചിക്കാനിടയുണ്ട് (റോമ. 16:17).
6. പുതിയ നിയമത്തിലെ കൃപയുടെ ഉപദേശത്തിലല്ലാത്ത പഴയനിയമത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നവരെ “സൂക്ഷിച്ചു കൊൾവിൻ” (ഫിലി. 3:2).
7. നിങ്ങളുടെ കരുതലിനു വേണ്ടിയുള്ള സമർപ്പണത്തെ “സംരക്ഷിക്കുക”. ഇന്ന് നാമധേയ വിദഗ്ദ്ധർ ജനങ്ങളെ വിശ്വാസത്തിൽ നിന്ന് അകന്നുപോകുന്ന തരത്തിൽ അവരെ തെറ്റായി നയിക്കുന്നു. വേദപുസ്തക ഉപദേശങ്ങളെ മുറുകെപിടിച്ച് വിശ്വാസത്തെ രക്ഷിക്കുക (1 തിമൊ. 6:20).
8. നിങ്ങളെത്തനനെ സംരക്ഷിക്കുക”. നിങ്ങളുടെ സുരക്ഷിത സ്ഥാനത്ത് കാലിനടിയിലുള്ള മണ്ണ് ചോർന്ന് പോകാതെയും ദുഷ്ട മനുഷ്യരുടെ തെറ്റുകളാൽ നിങ്ങൾ ആകർഷിക്കപ്പെടാതെയും ഇരിക്കുക. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയെക്കുറിച്ച് കൂടുതൽ പഠിക്കുക. അത് നിങ്ങളെ ഉറപ്പുള്ള നിലത്ത് നിർത്തും (2 പത്രോ. 3:12,18). മോശമായ ഫലങ്ങൾ പുറപ്പെടുവിക്കുന്ന മോശം വൃക്ഷങ്ങളെക്കുറിച്ച് (മത്താ. 7:15–17) അറിഞ്ഞിരിക്കുവിൻ.

ഈ ലോകത്തിൽ അർധരാത്രി വീണിരിക്കുന്നു. നാം അന്ധകാരത്തിൽ ആയിരിക്കുന്നു. നാം ദൂരത്തിൽ നിന്ന് ഒരു ശബ്ദം കേൾക്കുന്നു. “ഇതാ, മണവാളൻ വരുന്നു; അവനെ എതിരേൽക്കുക”. ഗാഢനിദ്രയിൽ നിന്ന് എഴുന്നേൽക്കുക. എണ്ണ ഒഴിച്ച് നിങ്ങളുടെ വിളക്ക് കത്തിക്കുക. മണവാളനെ എതിരേൽക്കുവാൻ തയ്യാറെടുക്കുക!

## ജാമക്കാരൻ വേണ്ട

- ജാമക്കാരൻ നിങ്ങൾക്കു പ്രയോജനമില്ലെങ്കിലോ
- ജാമക്കാരൻ മാസിക വായിക്കുന്നത് നിങ്ങളുടെ സഭാ പാസ്റ്ററോ, അച്ചനോ, ബിഷപ്പോ ഇഷ്ടപ്പെടാതെ അതു കാരണം നിങ്ങൾക്ക് പ്രശ്നം വരും എന്നു തോന്നിയാൽ
- ജാമക്കാരൻ ഉപദേശ വിഷയത്തിൽ നിങ്ങളെ കുഴപ്പത്തിൽ ആക്കുന്നു എന്നു കരുതിയാൽ അഥവാ നിങ്ങളുടെ വിശ്വാസ ത്തിനു തടസ്സമായിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞാൽ
- വളരെ പ്രത്യേകമായി ജാമക്കാരനായ ഞാൻ (ഡോ. പുഷ്പരാജ്) എഴുതുന്ന വിഷയങ്ങളിലും വാർത്തകളിലും വ്യാജമോ കള്ളമോ ഉണ്ടെന്നറിഞ്ഞാൽ

ഉടൻ തന്നെ നിങ്ങൾക്കു പോസ്റ്റിൽ വരുന്ന ജാമക്കാരൻ കവറിന്റെ മേലെ **REFUSED or RE-DIRECTED** എന്നു എഴുതി സ്റ്റാംപ് ഒട്ടിക്കാതെ തന്നെ പോസ്റ്റ് ബോക്സിൽ ഇട്ടാൽ മതി. അതിനുശേഷം ജാമക്കാരൻ മെയിലിംഗ് ലിസ്റ്റിൽ നിന്നും നിങ്ങളുടെ അഡ്രസ്സ് നീക്കും. അതിനുശേഷം ജാമക്കാരൻ നിങ്ങളെ ശല്യപ്പെടുത്തുകയില്ല.

**JULY - 2022**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.